**റഷ്യൻ ഡെപ്യൂട്ടി പ്രധാനമന്ത്രിയുടെ ഇന്ത്യാ സന്ദർശനം (മാർച്ച് 16-18, 2017)**

മാർച്ച് 17, 2017

റഷ്യൻ ഡെപ്യൂട്ടി പ്രധാനമന്ത്രിയും റഷ്യൻ ഫെഡറേഷൻ പ്രസിഡഡണ്ട് പരമാധികാരം നല്കി നിയോഗിച്ച ഫാർ ഈസ്റ്റേൺ ഫെഡറൽ ഡിസ്ട്രിക്ട് ഭരണത്തലവനായ ഹിസ് എക്സലൻസി ശ്രീ യൂറി ട്രുട്നെവിന്റെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം ഇന്ത്യാ സന്ദർശനത്തിന് മാർച്ച് 15-18, 2017 വരെ ഇന്ത്യയിലെത്തുന്നു . പ്രതിനിധി സംഘത്തിൽ റഷ്യൻ ഫാർ ഈസ്റ്റേൺ ഫെഡറൽ ഡിസ്ട്രിക്ടിലെ ഗവർണർമാർ , ഉന്നത ഗവൺമെന്റ് ഉദ്യോഗസ്ഥർ , റഷ്യൻ വ്യവസായ പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്നു .

മാർച്ച് 15-16, 2017 ലെ തന്റെ മുംബൈ സന്ദർശനത്തോട് അനുബന്ധിച്ച് ഡെപ്യൂട്ടി പ്രധാനമന്ത്രി ട്രുട്നെവ് പ്രമുഖ വ്യവസായ പ്രതിനിധികളെ കാണുകയുണ്ടായി, വജ്ര വ്യാപാരത്തിനുള്ള സ്പെഷ്യൽ നോട്ടിഫൈഡ് സോൺ സന്ദർശിക്കുകയും , റഷ്യയുടെ ഫാർ ഈസ്റ്റേൺ മേഖലയിൽ വ്യാപാര ഇടപാടുകൾക്ക് താത്പര്യമുള്ള ഇന്ത്യൻ വ്യാപാരമേഖലയിലെ വ്യക്തികൾക്കൊപ്പം ചർച്ചകൾ ചെയ്യുവാനുള്ള അവസരമൊരുക്കിയ ഒരു വ്യാപാര ചടങ്ങിൽ പങ്കെടുക്കുകയും ചെയ്തു

മാർച്ച് 17, 2017 ഡെപ്യൂട്ടി പ്രധാനമന്ത്രി ട്രുട്നെവ് ആദരണീയയായ വിദേശകാര്യ മന്ത്രിയുമായി ന്യൂഡെൽഹിയിൽ കൂടിക്കാഴ്ച നടത്തി. ചർച്ചയിൽ ഇരു നേതാക്കളും ഇന്ത്യയും റഷ്യൻ ഫാർ ഈസ്റ്റിലെ മേഖലകളും തമ്മിലുള്ള വ്യാപാര - നിക്ഷേപ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങൾ സംസാരിച്ചു. അതേ തുടർന്ന് അദ്ദേഹം ഒരു ബിസിനസ് ചടങ്ങിൽ പങ്കെടുക്കുകയും ഇൻവെസ്റ്റ് ഇന്ത്യയും ഫാർ ഈസ്റ്റ് ഇൻവെസ്റ്റ്മെന്റ് ആൻഡ് എക്സ്പോർട്ട് ഏജൻസിയുമായുമുള്ള ഒരു ധാരണാപത്രത്തിൽ ഒപ്പിട്ടു കൊണ്ടാണ് ചടങ്ങ് അവസാനിച്ചത് . അതേ തുടർന്ന് മാധ്യമങ്ങളുമായുള്ള ചർച്ചകൾ നടന്നു

സമ്പന്നമായ സ്രോതസ്സുകൾ നിറഞ്ഞ ഫാർ ഈസ്റ്റേൺ റീജിയൻ ഓഫ് റഷ്യയിലെ നിക്ഷേപ സാധ്യതകളെ കുറിച് ഇന്ത്യയിലെ വ്യാപാര

സമൂഹത്തിനിടയിൽ ഒരു ബോധവത്കരണം നല്കുക എന്ന ലക്ഷ്യത്തോടെ ആണ് ഈ സന്ദർശനം . പ്രാധാന്യമുള്ള സാമ്പത്തിക സാധ്യതകൾ, ഈ മേഖലയുമായി കൂടുതൽ ഇടപാടുകൾ നടത്തുവാനുള്ള നമ്മുടെ താത്പര്യം , തുടങ്ങി, ഖനനം, വജ്ര സംസ്ക്കരണം , അടിസ്ഥാന സൌകര്യം (തുറമുഖങ്ങൾ) , കൃഷി, അഗ്രോ - പ്രോസസിംഗ് എന്നീ മേഖലകളിലെ ഉഭയകക്ഷി സഹകരണത്തെ കൂടുതൽ സംയോജിപ്പിക്കുവാൻ ഈ സന്ദർശനം വഴികൾ ഒരുക്കും

ന്യൂഡെൽഹി
മാർച്ച് 17, 2017